# SNVLPS

MYLADUPARA

# ACADEMIC MASTER PLAN 2025-26



# ആമുഖം

പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ 14-ാം വാർഡിൽ മൈലാടുപാറ എന്ന മലയോര ഗ്രാമപ്രദേശത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ശ്രീ നാരായണവിലാസം ലോവർ പ്രൈമറിസ്കൂൾ മൈലാടുപാറ. സാമ്പത്തികമായും സാംസ്കാരികമായും പിന്നോക്കം നിന്നിരുന്ന ഈ ഗ്രാമത്തിൽ 1946-ൽ ശ്രീ തെങ്ങിനേത്ത് രാഘവൻപിള്ള സ്ഥാപിച്ച ഈ വിദ്യാലയം ഈ നാട്ടിലെ ആദ്യത്തെ പൊതുസ്ഥാപനമാണ്.

ആദ്യകാലത്ത് ധാരാളം കുട്ടികൾ പഠിച്ചിരുന്ന ഈ വിദ്യാലയത്തിൽ ഇടക്കാലത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞെങ്കിലും ഇപ്പോൾ പുരോഗതിയുടെ പാതയിലാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന രക്ഷിതാക്കളുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ ഉള്ളത്.

നാലാം ക്ലാസിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്ക് ശ്രീ സലിം. ജി. പണിക്കർ തന്റെ പിതാവിന്റെ പാവന സ്മരണക്കായി പി. കെ. ഗംഗാധരപണിക്കർ സ്മാരക അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഗവൺമെന്റിന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും എസ്. എസ്. എ യുടെയും, ബി. ആർ. സി യുടെയും മാനേജ്മെന്റിന്റെയും, പി. റ്റി. എ യുടെയും സഹകരണത്തോടെ

# അക്കാദമിക ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. ഒപ്പം ഉന്നതനിലവാരമുള്ള ജ്ഞാനാധിഷ്ഠിത സംസ്കാരം വികസിപ്പിക്കാനാവശ്യമായ ഉദ്യബോധം സൃഷ്ടിക്കുക

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉറപ്പാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും അവസരങ്ങൾ സൃഷ്ടിക്കുക.

- മികച്ച ശാരീരിക-മാനസിക-വൈകാരിക ആരോഗ്യം ഉറപ്പാക്കാം

- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

- ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെ കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാകാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ഉതകിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.

- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കുക

- പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യാമ്പസും വൈവിധ ഉദ്യാനമാക്കുക

- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

# കാഴ്ചപ്പാടുകൾ

1) തുല്യത അവസരസമത്വം ഗുണത എന്നിവ ഉറപ്പാക്കൽ.

2) അധ്യയന ദിനങ്ങൾ ഉറപ്പാക്കൽ

3) കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ

4) ജനാധിപത്യ മൂല്യങ്ങൾ, മതനിരപേക്ഷത, ശാസ്ത്രീയ മനോഭാവം പാരിസ്ഥിതിക അവബോധം കൃഷിയോടുള്ള അനുകൂല മനോഭാവം തുടങ്ങിയവ കുട്ടികളിൽ ഉരുവാക്കാനനുയോജ്യമായ പ്രവർത്തനങ്ങൾ

5) ആധുനിക സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനാന്തരീക്ഷം ഒരുക്കൽ

6) നാട്ടിൽ ലഭ്യമായ വിദഗ്ധരുടെ സേവനം കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിനു മുതൽക്കൂട്ടാക്കൽ

7) പഠന പരിസരം ഒരുക്കൽ

8) രക്ഷിതാക്കളിൽ ഗുണമേന്മാവിദ്യാഭ്യാസത്തെക്കുറിച്ച് കാഴ്ചപ്പാട് രൂപീകരിക്കൽ

9) നാട്ടിലെ എല്ലാവിധ സാധ്യതകളെയും സ്കൂൾ വിദ്യാഭ്യാസ വികസനത്തിനായി കണ്ടെത്തിയ നടപ്പാക്കൽ

10) അധ്യാപകരിൽ ആത്മവിശ്വാസം വളർത്തൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായി മുഴുവൻ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.

കരിക്കുലമനുസരിച്ച് ഒരു ക്ലാസ്സിൽ ഒരു കുട്ടി എന്തെല്ലാം അറിവ് ആർജ്ജിക്കണമെന്ന് ലക്ഷ്യമിട്ടിട്ടുണ്ടോ ആ അറിവ് ആ ക്ലാസിലെ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തുന്നതിനെയാണ് അക്കാദമിക മികവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ക്ലാസിൽ വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികളുണ്ടാവും. ഈ വൈവിധ്യങ്ങളെ പരിഗണനയിലെടുക്കുകയാണ് ലക്ഷ്യം.

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയം ഉൾക്കൊണ്ട് കയിലാടുപാറ എസ്. എൻ. വി. എൽ. പി സ്കൂൾ നടപ്പിലാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയുടെ പുനരവലോകനവും ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമാകുന്ന പഠനപ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യപരിമിതികൾ പരിഹരിക്കാനുള്ള നടപടികളും ഐ.ടി വിന്യാസം സാധ്യമാക്കുന്നതിനുള്ള നടപടികളും ഉൾക്കൊണ്ട് തയ്യാറാക്കുന്ന പ്രോജക്ട്.

# അനൗപചാരിക മേഖല

## 1. മലയാളം

### ലക്ഷ്യങ്ങൾ

1) ഭാഷാപരമായ പഠനനേട്ടങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് ഉറപ്പിക്കുക.
2) എല്ലാ കുട്ടികളും വായനാശീലമുള്ളവരായി മാറുക
3) മാതൃഭാഷ നിലവാരം ഉയർത്തുക.
4) വായനാനുഭവങ്ങൾ വിനിമയത്തിനിടയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക
5) സർഗാത്മക രചനകൾ നടത്തുന്നതിന് അവസരം ഒരുക്കുകയും ആശയങ്ങൾ വൈവിധ്യരൂപത്തിൽ പ്രദർശിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുകയും ചെയ്യുക
6) വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും നടത്തുക
7) രചനാപരമായ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
8) കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും വിപുലീകരിക്കുക.
9) സ്വതന്ത്ര രചനകൾ ഒറ്റയ്ക്കും കൂട്ടായും തയ്യാറാക്കുക
10) ചിഹ്നങ്ങൾ ഉറപ്പിച്ച് വാക്യഘടന പാലിച്ച് ചുരുങ്ങിയ ആശയങ്ങളുടെ ലേഖനം നടത്തുന്നതിന് പ്രാപ്തരാക്കുക.

# വായനയിലെ വിളക്കുകൾ

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1. പ്രീടെസ്റ്റ് · വായന 2, 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് അനുയോജ്യമായ വായനാ സാമഗ്രിയായി നൽകുന്നു. | ജൂൺ ആദ്യ ആഴ്ച | അധ്യാപകർ | |
| ആശയഗ്രഹണത്തിനാവശ്യമായ 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ അവസരം നൽകുന്നു | ജൂൺ 2ാം ആഴ്ച | അധ്യാപർ | |
| 2. ഓരോ ക്ലാസിലെയും കുട്ടികളെ വായനാനിലവാരമനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു. A, B, C. | " | | |
| 3. ഓരോ ഗ്രൂപ്പിനും നൽകേണ്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. വായനാസാമഗ്രികൾ കണ്ടെത്തി വിതരണത്തിന് അനുയോജ്യമാക്കുന്നു. | ജൂൺ 3ാം ആഴ്ച | | |
| 4. ഓരോ ഗ്രൂപ്പിനും ലീഡറിനെ കണ്ടെത്തി ക്ലാസ് ടീച്ചറിന്റെ കൂടെ ഉത്തരവാദിത്വത്തോടെ വായനാസാമഗ്രികൾ വായനാദിനാഘോഷവുമായി നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യുന്നു. | | | |
| 5. എല്ലാ തിങ്കളാഴ്ചകളിലും വായനാക്കുറിപ്പ് തയ്യാറാക്കി വായിക്കാനവസരം നൽകുന്നു. | | | |

## 2. ഭാഷാപഠനത്തിലെ പുരോഗതി

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| പാഠഭാഗങ്ങളുടെ അവതരണം<br>കഥാപാത്രങ്ങളുടെ ചർച്ച<br>സ്വഭാവ വിശകലനം<br>നിരീക്ഷണങ്ങൾ പരിശോധിച്ച്<br>കണ്ടെത്തലുകൾ പങ്കിടൽ<br>സാഹിത്യാസ്വാദന ചർച്ച<br>രചനയുടെ സവിശേഷതകൾ<br>പരിചയപ്പെടൽ<br>ഭാഷാ പ്രയോഗങ്ങളുടെ<br>ആസ്വാദനത്തിലൂടെ വിശകലനം<br>സർഗാത്മകരചനയ്ക്ക്<br>അവസരം<br>കവിതാ രചന<br>കഥാ രചന<br>യാത്രാ വിവരണം<br>രചനകൾ ഉൾപ്പെടുത്തി<br>പതിപ്പുകൾ പ്രസിദ്ധീകരിക്കൽ | ജൂൺ<br>സെപ്റ്റംബർ | അധ്യാപകർ | |

## 3. ലൈബ്രറി വികസനവും ഉപയോഗവും

| | | | |
| --- | --- | --- | --- |
| പഠനനിലവാരം<br>നിലവിലെ പഠന നിലവാര<br>പരിശോധന | ജൂൺ | സ്റ്റാൻഡിങ് | |

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| **പരിമിതികൾ, പരിഹാരം** | | | |
| • ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | ജൂലൈ 15-നു മുതൽ | S.R.G | |
| • സ്കൂൾ ലൈബ്രറി. സജ്ജീകരണം / ക്ലാസ് ലൈബ്രറി സജ്ജീകരണം. | ജൂലൈ 15 | H.M അധ്യാപകർ | |
| • ഹോം ലൈബ്രറി | " | രക്ഷിതാക്കൾ | |
| • കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകം തിരഞ്ഞെടുത്ത് വായനാക്കുറിപ്പ് തയ്യാറാക്കൽ അവതരണം, കുറിപ്പ് തയ്യാറാക്കൽ പ്രദർശനം. | ജൂൺ to മാർച്ച് | അധ്യാപകർ | |
| • ഭിന്ന നിലവാരക്കാർക്ക് ചിത്രവായന, അക്ഷരക്കാർഡുകൾ ഉപയോഗിച്ച് പദനിർമ്മാണം, വാക്യനിർമ്മാണം. | " | അധ്യാപകർ രക്ഷിതാക്കൾ | |
| • അനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തലും കുട്ടികളുടെ വായനയ്ക്ക് അവസരങ്ങൾ ഒരുക്കലും | ജൂൺ to മാർച്ച് | H.M | |
| • കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്കൂളിലെ ഓരോ ദിവസത്തെയും പ്രസിദ്ധീകരണങ്ങൾ മാറിമാറി വായിക്കാനുള്ള അവസരം. | ഓഗസ്റ്റ് to March. | m P.T.A. | |
| 4. **സചിത്ര ഡയറി.** | | | |
| 1, 2, 3, 4 ക്ലാസുകളിൽ എല്ലാ ദിവസവും ഡയറി എഴുതൽ, ചിത്രങ്ങൾ വരക്കൽ | | | |

# ഗണിതം

## ലക്ഷ്യങ്ങൾ

1) ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക
2) ഗണിതം ആസ്വദിക്കാൻ കഴിയുന്നതരത്തിലേക്ക് കുട്ടിയെ വളർത്തുക.
3) ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക
4) കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വികസിപ്പിക്കുക
5) ഗണിതശേഷികൾ കൈവരിക്കുക
6) പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുക.

## പ്രവർത്തനങ്ങൾ

1) ഗണിതപാട്ട്
2) ഗണിത ചെപ്പ്
3) ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
4) ഗണിത കേളികൾ
5)

## ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

1) ഇംഗ്ലീഷ് ഭാഷാപഠനത്തിന് സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.

2) കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും നേടുക.

3) ഇംഗ്ലീഷ് പഠനത്തിൽ പിന്നിലുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

4) അക്ഷരങ്ങളുടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

5) ഇംഗ്ലീഷ് ഭാഷയിൽ മികച്ച വായനാശീലം വികസിപ്പിച്ച് വായനയിലൂടെ അറിവ് നേടുന്നതിനുള്ള കഴിവ് വികസിപ്പിക്കുക

## Activities

1) Magic English — 3, 5
2) Wednesday as English day — 4, 5
3) English fest — 3
4) English Assembly — 2, 1
5) Spoken English classes — 4
6) English skit — 1, 2

# MAGIC ENGLISH.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1) ഇംഗ്ലീഷിലുള്ള വീഡിയോ ഓഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനു ധാരാളം അവസരങ്ങൾ ഒരുക്കുന്നു. | | | |
| 2) ഇംഗ്ലീഷ് ചാനൽ പ്രവർത്തനങ്ങൾ കൂടുതൽ സമയം കണ്ടെത്തുന്നു. | | | |
| 3) വായനശാലയുമായി ബന്ധപ്പെട്ട് വായനാമെറ്റീരിയലുകൾ നൽകി വായനയുടെ വിവിധങ്ങളായ രീതികൾ പരിചയപ്പെടുത്തുന്നു. | | | |
| 4) ഇംഗ്ലീഷ് പുസ്തകങ്ങൾ നിലവാരത്തിന് യോജിച്ചവ ഓരോ ക്ലാസ്സിലും സജ്ജീകരിക്കുന്നു. | | | |
| 5) ബുധനാഴ്ച ഉച്ചക്ക് 1:30 മുതൽ 2:00 മണി വരെ വായനാ സമയം ക്രമീകരിക്കുന്നു. | | | |
| 6) മോണിറ്ററിംഗ് നടത്തി പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ സഹായിക്കുന്നതിന് രക്ഷിതാക്കളുടെ സഹായം തേടുന്നു. | | | |
| 7) ഇംഗ്ലീഷ് അസംബ്ലിയും ഇംഗ്ലീഷ് കളികളും നടത്തുന്നു. | | | |

| (ഉ) പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|
| Wednesdays as english day<br>എല്ലാ ബുധനാഴ്ചയും വിദ്യാലയത്തിൽ ഇംഗ്ലീഷിലെ അസംബ്ലി അവതരിപ്പിക്കാൻ എല്ലാ പ്രവർത്തനങ്ങളും അനുബന്ധിത ഭാഷണങ്ങൾ ഉൾപ്പെടെ ഇംഗ്ലീഷിലാക്കി<br><br>Spoken English.<br>മാസത്തിൽ രണ്ടു ബുധനാഴ്ചകളിൽ വിദഗ്ധർ നയിക്കുന്ന സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br><br>English fest.<br>ഫെബ്രുവരി മാസം ഇംഗ്ലീഷ് ഫെസ്റ്റ് വിപുലമായി നടത്തുന്നു. | | | |

# പരിസരപഠനം.

## ലക്ഷ്യങ്ങൾ

1) കരിക്കുലം അനുസരിച്ചുള്ള പഠനനേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
2) കുട്ടിയിൽ ശാസ്ത്രബോധം വളർത്തുക.
3) പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാക്കുകയും വിദ്യാലയം സമൂഹത്തിന് മാതൃകയാകുകയും ചെയ്യുക.
4) സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക.
5) കുട്ടിശാസ്ത്രജ്ഞൻമാരെ വളർത്തിയെടുക്കുക
6) ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കുക.
7) നേരനുഭവങ്ങളിലൂടെ ശാസ്ത്രപഠനം.
8) ചെറിയ പനികൾക്കും തലവേദന തുടങ്ങിയ ചെറിയ രോഗങ്ങൾക്കു ഔഷധസസ്യങ്ങളെ കുട്ടികൾ പ്രയോജനപ്പെടുത്തുന്നു.
9) ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നു.

## പ്രവർത്തനങ്ങൾ

1) ശാസ്ത്രലാബ് — ദീർഘകാലം
2) ജൈവവൈവിധ്യ ഉദ്യാനം — ദീർഘകാലം
3) ശാസ്ത്ര മേളം
4) ശാസ്ത്ര പരീക്ഷണങ്ങൾ